1. ഇ.ബി. XIII-കേരള നിയമസഭ/XI-13

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 25, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### പകർച്ചവ്യാധികൾ

മി. സ്പീക്കർ: പനി, ചിക്കൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി, ഡിഫ്ത്തീരിയ, മലേറിയ, കോളറ തുടങ്ങി പലതരം പനികളും പകർച്ചവ്യാധികളും സംസ്ഥാനത്താകെ ഭീതിജനകമായി പടർന്ന് പിടിച്ചുകൊണ്ടിരിക്കുകയും സർക്കാർ ആശുപത്രികളിൽ മതിയായ ചികിത്സ ലഭിക്കാതെ ആളുകൾ

മരണപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, എം. ചന്ദ്രൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് പകർച്ചപ്പനി നേരിടുന്നതിന് ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കഴിഞ്ഞ വർഷം ഒക്ടോബർ മുതൽ ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ പ്രത്യേകമായി ഏറ്റെടുത്ത് നടപ്പാക്കിവരികയാണ്. പനിബാധിതരുടെ എണ്ണം കുറയ്ക്കുന്നതിനും അവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മാരകമായ പനി ബാധിച്ചവരുടെ എണ്ണം ഈ വർഷം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എല്ലാ ആശുപത്രികളിലും പരമാവധി ചികിത്സാ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: പനിപിടിച്ച് വിറയ്ക്കുന്ന കേരളത്തിന്റെ പ്രശ്നത്തെ വളരെ ലാഘവത്തോടെയാണ് ആരോഗ്യ വകുപ്പുമന്ത്രി സമീപിച്ചിട്ടുള്ളത്. ഭരണപ്രതിപക്ഷാംഗങ്ങൾ ഇതുസംബന്ധിച്ച് സഭയിൽ സബ്മിഷനുകൾ ഉന്നയിക്കുകയും പനിച്ചുവിറയ്ക്കുന്ന കേരളത്തിന്റെ അവസ്ഥ മാധ്യമങ്ങൾ തുടർച്ചയായി

പുറത്തുവിടുകയും ചെയ്യുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം പനിബാധിതരുടെ എണ്ണം വളരെയധികം വർദ്ധിക്കുകയും ഇതുവരെ 63 പേർ മരിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് ഡിഫ്ത്തീരിയ ബാധിച്ച് ഒരു കുട്ടി മരണപ്പെട്ടു. കേരളത്തിൽനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും തിരിച്ചുവരികയാണ്. സംസ്ഥാനത്ത് 904 ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫിന്റെയും മരുന്നിന്റെയും കുറവ് അനുഭവപ്പെടുന്നുണ്ട്. ഈ വർഷം പതിനൊന്ന് ലക്ഷത്തിലേറെ ആളുകൾക്ക് പനി ബാധിച്ചിട്ടുണ്ട്. ഗവൺമെന്റെടുക്കുന്ന തീരുമാനങ്ങളൊന്നുംതന്നെ നടപ്പാക്കുന്നില്ല. താഴെത്തട്ടിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ട ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾപോലും ഒഴിഞ്ഞുകിടക്കുകയാണ്. പ്രത്യേക മന്ത്രിസഭാ യോഗം വിളിച്ചുകൂട്ടി പകർച്ചപ്പനിയെ നേരിടുന്നതിനുള്ള പാക്കേജ് ചർച്ച ചെയ്ത് അംഗീകരിക്കണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മഴക്കാല പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വളരെ നേരത്തേ ആരംഭിച്ചതുമൂലം പകർച്ചപ്പനി, ഡെങ്കിപ്പനി,

എലിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ പനിബാധിതരുടെ എണ്ണത്തിലും പനിമൂലമുള്ള മരണനിരക്കിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഡോക്ടർമാരടക്കമുള്ള 1902 താൽക്കാലിക ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൊതുകുജന്യരോഗങ്ങളും ജലജന്യരോഗങ്ങളും തടയുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുടെ യോഗം വിളിച്ച് കർമ്മപദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൊതുക നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഡ്രൈ ഡേ ആചരിക്കുന്നതിനും ജലശുദ്ധീകരണത്തിനായി കിണറുകൾ ക്ലോറിനേറ്റു ചെയ്യുന്നതിനും വിദ്യാലയങ്ങളിൽ ഹെൽത്ത് അസംബ്ലി ചേരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. പബ്ലിക് ഹെൽത്ത് ലബോറട്ടിയിൽ പി.സി.ആർ. ടെസ്റ്റ് ആരംഭിക്കുന്നതിനും ആശുപത്രികളിൽ രോഗനിർണ്ണയ സംവിധാനങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചികിത്സ ഏകോപിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ സ്വകാര്യ ആശുപത്രികളടക്കം കർശനമായി പാലിക്കുന്നതിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. പനിക്കുള്ള മരുന്നുകളും ജീവൻരക്ഷാ മരുന്നുകളും സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ കുറവ് പരിഹരിക്കുന്നതിനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും അടിയന്തര നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. രോഗങ്ങൾ ബാധിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പരസ്യം നൽകുന്നതിൽ അപാകതയൊന്നുമില്ല. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് കർശന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പനി പടരുന്നത് ഒഴിവാക്കാനായി എല്ലാ വകുപ്പുകളുടെയും സഹകരണത്തോടുകൂടി ഫലപ്രദമായ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും ആശുപത്രികളിൽ അവശ്യ മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് പ്രകാരം കാര്യങ്ങൾ നിയന്ത്രണവിധേയമാണ്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്.

അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ശബരി റെയിൽ പദ്ധതി

ശ്രീ. ജോസഫ് വാഴക്കൻ: ശബരി റെയിൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുകൊടുത്ത എറണാകുളം, ഇടുക്കി ജില്ലകളിലെ ജനങ്ങൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ഏറ്റെടുത്ത ഭൂമിക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നു മാത്രമല്ല ഭൂമി ഏറ്റെടുക്കലിനായി മൂവാറ്റുപുഴയിൽ ആരംഭിച്ച സ്പെഷ്യൽ തഹസീൽദാറുടെ ഓഫീസ് അടച്ചുപൂട്ടിയിരിക്കുകയുമാണ്. റെയിൽവേയുമായി ധാരണയിലെത്തി ഒരു പ്രത്യേക പാക്കേജുണ്ടാക്കി അനിശ്ചിതാവസ്ഥയിലായിരിക്കുന്ന ശബരി റെയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനും ഭൂമി വിട്ടുകൊടുത്ത ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ശബരി റെയിൽ പദ്ധതിക്കുവേണ്ടി എറണാകുളം ജില്ലയിലെ 17 വില്ലേജുകളിൽ അലൈൻമെന്റ് നടത്തേണ്ടതുണ്ട്. ഏറ്റെടുത്ത സ്ഥലത്തിന് റെയിൽവേ ഇനിയും നഷ്ടപരിഹാരം നൽകാനുണ്ട്. 11-02-2014-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗതീരുമാന പ്രകാരം അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ട്. ഫണ്ടിന്റെ അഭാവമാണ് പണികൾ പൂർത്തിയാക്കുന്നതിന് തടസ്സമായത്. ഓൺഗോയിംഗ് പ്രോജക്ടായതിനാൽ ശബരി റെയിൽപ്പാതയ്ക്കുവേണ്ടി 50% ബഡ്ജറ്ററി സപ്പോർട്ട് നൽകണമെന്ന റെയിൽവേയുടെ നിബന്ധന അംഗീകരിക്കാൻ കഴിയില്ല. ശബരി റെയിൽപ്പാതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (2) നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. കെ. ശശീന്ദ്രൻ: നിർമ്മാണമേഖലയിലെ കരാറുകാർക്ക് കുടിശ്ശിക കൊടുത്തുതീർക്കാത്തതിനാൽ ടെണ്ടർ നടപടികൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. കരാറുകാരുടെ സമരംമൂലം നിർമ്മാണമേഖല സ്തംഭനാവസ്ഥയിലാണ്.

സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മികച്ച ധനകാര്യ മാനേജ്മെന്റ് ഉണ്ടെന്നും സാമ്പത്തിക പ്രതിസന്ധിയില്ലെന്നും മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനോ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. പൊതുമരാമത്ത് രംഗം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്നും കരാറുകാർക്ക് 1455 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടെന്നും പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കുതന്ത്രം പ്രയോഗിക്കുന്നുണ്ടോയെന്ന ആശങ്ക ഉണ്ടായിരിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 1425 കോടി രൂപയുടെ കുടിശ്ശികയാണ് കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്നത്. കരാറുകാർക്ക് ആഗസ്റ്റ് മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. സെപ്റ്റംബർ മാസത്തേത് ഉടനെയും ബാക്കിയുള്ളവ ഘട്ടംഘട്ടമായും കൊടുത്തുതീർക്കുന്നതാണ്. ബഡ്ജറ്റിൽ പ്രൊവൈഡ്

ചെയ്തിരുന്നതിനുപരിയായി 2294 കോടി രൂപ ചെലവഴിച്ചപ്പോഴുണ്ടായ കുടിശ്ശികയാണിത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൊടുത്തുതീർക്കേണ്ടിയിരുന്ന നാനൂറ് കോടി രൂപയുടെ അരിയർ ബില്ലും അയ്യായിരം കോടി രൂപയുടെ ഭരണാനുമതിയും കൊടുത്തത് ഈ സർക്കാരാണ്.

## സബ്മിഷൻ

### (1) സമഗ്ര നിയമം

ശ്രീ. സി. ദിവാകരൻ: മലയാളം ഒന്നാം ഭാഷയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ മലയാള ഭാഷ സാർവ്വത്രികമാക്കാനുള്ള നിയമനിർമ്മാണം നടത്താൻ സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മലയാള ഭാഷയ്ക്ക് അർഹിക്കുന്ന അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാളം ഒന്നാം ഭാഷയാക്കുകയും സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കുകയും മലയാള സർവ്വകലാശാല ആരംഭിക്കുകയും കോടതി ഭാഷയായി മലയാളത്തെ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലയാള ഭാഷാ നിയമം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കരട് നിയമത്തിന് നിയമവകുപ്പിന്റെ അംഗീകാരം

ലഭിച്ചാൽ അവസാന രൂപമാക്കി പ്രസിദ്ധീകരിക്കുന്നതുമാണ്.

## (2) പോലീസ് സ്റ്റേഷൻ ആയി ഉയർത്തൽ

ശ്രീ. സി. മോയിൻകുട്ടി: വയനാട് ചുരം റോഡിലെ അടിവാരം പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വയനാട് ചുരം റോഡിലെ അടിവാരത്ത് നിലവിലുണ്ടായിരുന്ന പോലീസ് എയ്ഡ് പോസ്റ്റിന് പകരമായി ഒരു പോലീസ് ഔട്ട്പോസ്റ്റ് ആരംഭിച്ചിട്ടുണ്ട്. നിരവധി തസ്തികകൾ സൃഷ്ടിക്കേണ്ടിവരുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നിയന്ത്രണമുണ്ട്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകൾ വിഭജിക്കുന്നതിനു് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം

പരിശോധിക്കുന്നതാണ്.

## (3) പരോൾ

ശ്രീ. പി. സി. വിഷ്ണുനാഥ്: സംസ്ഥാനത്തെ ജയിലുകളിൽ ചട്ടം ലംഘിച്ച് പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡം വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരൊഴികെ ഏതൊരു തടവുകാരനും അടിയന്തരാവധിക്ക് പ്രിസൺ റൂൾ പ്രകാരം അർഹതയുണ്ട്. ജയിൽ ചട്ടങ്ങൾ 455 പ്രകാരം അടിയന്തരാവധി 45 ദിവസമായി ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്. ജയിൽ ഡി.ജി.പി. പരോൾ അപേക്ഷ നിരസിക്കുന്ന അവസരങ്ങളിൽ സർക്കാരിന് അപ്പീൽ നൽകുന്നതിനും അപ്പീൽ അധികാരി എന്ന നിലയിൽ സർക്കാരിന് പരോൾ അനുവദിക്കുന്നതിനും ജയിൽ ചട്ടം 457 (എ)-യിൽ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു തടവുകാരനും പരോൾ അനുവദിച്ചിട്ടില്ല. എന്നാൽ മാനുഷിക പരിഗണന നൽകി ചില അടിയന്തര ഘട്ടങ്ങളിൽ സർക്കാർ പ്രത്യേകമായി പരോൾ അനുവദിക്കാറുണ്ട്.

## (4) ഗ്രേഷ്മയുടെ മരണം

ശ്രീ. ബി. ഡി. ദേവസ്സി: അനസ്തേഷ്യ നൽകിയതിലെ പിഴവും ആശുപത്രി അധികൃതരുടെ അനാസ്ഥയും മൂലം തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ യുവതി മരണപ്പെട്ട സംഭവത്തിന് ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിനും സമഗ്ര അന്വേഷണം നടത്തുന്നതിനും കുടുംബത്തിന് അടിയന്തര സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചാലക്കുടിയിലെ എലിഞ്ഞിപ്ര സ്വദേശിയായ യുവതിയെ ശസ്ത്രക്രിയയ്ക്കായി തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അനസ്തേഷ്യ നൽകിയതിനെത്തുടർന്ന് ആരോഗ്യനില വഷളാകുകയും മെച്ചപ്പെട്ട ചികിത്സയ്ക്കായി മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുകയുമുണ്ടായി. എറണാകുളത്തെ ആശുപത്രിയിൽ ചികിത്സയിലിരിക്കെ 21-05-2014-ന് യുവതി മരണപ്പെട്ട സംഭവത്തിൽ തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി വരികയാണ്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ തലച്ചോറിന്റെ പ്രവർത്തനം നിലച്ചതാണ് മരണകാരണമായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഡോക്ടറുടെ ഭാഗത്തുനിന്നും ചികിത്സാ പിഴവുകൾ ഉണ്ടായിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി മെഡിക്കൽ പാനൽ ചേരുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. കുടുംബത്തിന് ധനസഹായം നൽകുന്ന കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (5) അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. പി. ബി. അബ്ദുൾ റസാക്: കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ച അടയ്ക്കാ പാക്കേജ് ചെറുകിട കർഷകർക്കുകൂടി സഹായകരമാകുന്ന രീതിയിൽ നടപ്പിലാക്കാനും ക്രോപ്പ് ലോൺ എഴുതിത്തള്ളാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കമ്പോള വിലയിടിവ്, മഹാളി രോഗം എന്നിവ അടയ്ക്കാ കൃഷിയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരുടെ ദുരിതം പരിഗണിച്ച് 2014-ലെ ബഡ്ജറ്റിൽ പാക്കേജ് നടപ്പിലാക്കുന്നതിനായി 10

കോടി രൂപ പ്രഖ്യാപിക്കണമെന്നും തുക ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## (6) സബ്സ്റ്റേഷനും സെക്ഷൻ ഓഫീസും സ്ഥാപിക്കൽ

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ. വി. സബ്സ്റ്റേഷനും ലക്കിടിയിൽ ഒരു സെക്ഷൻ ഓഫീസും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സബ്സ്റ്റേഷനുകളുടെ എണ്ണം കൂടുന്നത് സംസ്ഥാനത്തിന് ഗുണകരമായതിനാൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സെക്ഷൻ ഓഫീസുകൾ ആരംഭിക്കാനുള്ള മാനദണ്ഡങ്ങളിൽ ലക്കിടി ഉൾപ്പെടുകയില്ലെങ്കിലും പ്രത്യേക പരിഗണന നൽകി സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

## (7) കായികാദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജു പോൾ: സംസ്ഥാനത്തെ സ്കൂളുകളിൽ ആവശ്യത്തിന് കായികാദ്ധ്യാപകരെ നിയമിക്കാനും 1:35 അനുപാതം സ്പെഷ്യലിസ്റ്റ്

അദ്ധ്യാപകർക്കുകൂടി ബാധകമാക്കാനും സ്കൂൾ കുട്ടികളെ അന്താരാഷ്ട്ര മത്സരങ്ങളിൽ ഉന്നത വിജയം നേടുന്നതിന് പ്രാപ്തരാക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മുഴുവൻ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും എസ്.എസ്.എ. വഴി നിയമിക്കുന്ന പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും പൂൾ ചെയ്ത് വിവിധ സ്കൂളുകളിൽ പുനർവിന്യസിച്ചുകൊണ്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉണ്ടായതിനാൽ പൂളിംഗും പുനർവിന്യാസവും ഫലപ്രദമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കെ.ഇ.ആർ.-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സംസ്ഥാനത്തെ സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നത്. ആവശ്യമായ കുട്ടികളും പീരിയഡുകളുമില്ലാത്ത സ്കൂളുകളിൽ പൂളിംഗ് വഴി കായികാദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ്.

## (8) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. റ്റി. എൻ. പ്രതാപൻ: സംസ്ഥാനത്തെ സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനും സിനിമാ തീയേറ്ററുകളുടെ ക്ലാസിഫിക്കേഷനുവേണ്ടി ഒരു സമിതിയെ നിയോഗിക്കുന്നതിനും നിലവാരമുള്ള സർക്കാർ തിയേറ്ററുകളിൽ സിനിമകൾ പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വൈഡ് റിലീസ് കേരളത്തിൽ നടപ്പിലാക്കുന്നതും തിയേറ്ററുകളിലേക്ക് കൂടുതൽ ആളുകളെ എത്തിക്കുന്നതും തീയേറ്ററുകളെ തരംതിരിക്കുന്നതും നവീകരിക്കുന്നതും സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വൈഡ് റിലീസ് സാധ്യമാക്കാനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതാണ്. സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## (9) റൂറൽ ആർ.ടി. ഓഫീസ്

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട സബ് ആർ.ടി. ഓഫീസിനെ റൂറൽ ആർ. ടി. ഓഫീസായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച ഒൻപത് ജോയിന്റ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പുതുതായി ആർ. ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (10) കുടിയേറ്റ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: അട്ടപ്പാടിയിലെ കുടിയേറ്റ കർഷകർ ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും കരം അടയ്ക്കുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): അട്ടപ്പാടിയിലെ

കർഷകരുടെ ഭൂമി കൈമാറ്റത്തിനും നികുതി അടയ്ക്കലിനുമെതിരായി ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. പ്രിലിമിനറി സർവ്വേ രേഖകൾ മാത്രമുള്ള അഞ്ച് വില്ലേജുകളിൽ പട്ടികവർഗ്ഗക്കാരുടെ പേരിലുള്ള ഭൂമിക്ക് മാത്രമാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനും പ്രസ്തുത നിയന്ത്രണം തുടർന്നും അനിവാര്യമാണ്.

## (11) <u>അടിസ്ഥാന സൗകര്യം ആരംഭിക്കേണ്ടതിന്റെ ആവശ്യകത</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ. എ. റ്റി. ജോർജ്ജും, ശ്രീ. ആർ. സെൽവരാജും നോട്ടീസ് നൽകിയിരുന്നു.)

<u>ശ്രീ. പി. സി. ജോർജ്:</u> നാടാർ സമുദായത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരം പുനർനിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): നാടാർ സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായരെ ഏകാംഗ കമ്മീഷനായി നിയോഗിച്ച് ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ച നൽകിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് എന്നിങ്ങനെ ഓരോ തസ്തികകൾ അനുവദിക്കുകയും പ്രസ്തുത തസ്തികകളിലേയ്ക്ക് സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരെ കോ-ടെർമിനസ് വ്യവസ്ഥയിൽ പുനർനിയമിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വാഹനം ഉപയോഗിക്കുന്നതിന് പ്രതിമാസം 200 ലിറ്റർ ഡീസൽ അനുവദിക്കുകയും കമ്മീഷന്റെ കാലാവധി ആറ് മാസമായി നിശ്ചയിക്കുകയും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ ടെലിഫോൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (12) വായ്പ എഴുതിത്തള്ളൽ

ശ്രീ. പുരുഷൻ കടലുണ്ടി: പട്ടികജാതി-പട്ടികവർഗ്ഗക്കാർ ബാങ്കുകൾ, എസ്.സി/എസ്.ടി കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക-ഭവന വായ്പകൾ എഴുതിത്തള്ളുന്നതിനും 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പലിശയിളവ് നൽകുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): 12-11-2009-ലെ ഉത്തരവു പ്രകാരം സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ-പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വായ്പകളുടെ 25,000 രൂപവരെയുള്ള കുടിശ്ശിക എഴുതിത്തള്ളുകയും അതിനുമുകളിലുള്ള തുകകൾ ഒറ്റത്തവണയായി തീർപ്പാക്കുകയും ചെയ്തിരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകുകയും കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിനായി 50,000 രൂപ വരെയുള്ള

കുടിശ്ശിക എഴുതിത്തള്ളുന്നതിന് 10-12-2013-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കിവരികയുമാണ്. മിഷൻ 676-ൽ ഉൾപ്പെടുത്തി 2008 മാർച്ച് 31 വരെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പ കുടിശ്ശിക ഈ വർഷവും 2010 മാർച്ച് 31 വരെയുള്ളത് അടുത്ത വർഷവും എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്.

## (13) ഇരട്ടവീടുകൾ ഒറ്റവീടുകളായി പുനർനിർമ്മിക്കൽ

ശ്രീ. പി. എ. മാധവൻ: മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി പുനർനിർമ്മിക്കുന്നതിനും വാടാനപ്പള്ളിയിലെ മത്സ്യത്തൊഴിലാളി കോളനി സംയോജിത മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 14 മത്സ്യത്തൊഴിലാളി കോളനികളിലായുള്ള 713 ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സാദ്ധ്യതാ പഠനത്തിന്റെയും അഭിപ്രായ സമന്വയത്തിന്റെയും അടിസ്ഥാനത്തിൽ ഇരട്ടവീടുകൾ

ഒറ്റവീടുകളാക്കുന്നതിന് 2 ലക്ഷം രൂപ വീതം മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ തീരുമാനിക്കുകയും 5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വാടാനപ്പള്ളി പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി കോളനിയെ സംയോജിത മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## (14) തൃശ്ശൂരിൽ വാക്സ് മ്യൂസിയം

ശ്രീ. എം. ഉമ്മർ : തൃശ്ശൂരിൽ നിലവിലുള്ള മ്യൂസിയത്തിൽ ഒരു വാക്സ് മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): തൃശ്ശൂർ മ്യൂസിയത്തിലെ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്ന നടപടി ദ്രുതഗതിയിൽ നടന്നുവരികയാണ്. മൃഗശാല മാറ്റുന്ന മുറയ്ക്ക് നിലവിലുള്ള സ്ഥലത്ത് ആന്തരിക ക്രമീകരണങ്ങൾ നടത്തി വാക്സ് മ്യൂസിയം ആരംഭിക്കുന്ന പദ്ധതി സജീവ പരിഗണനയിലാണ്.

## (15) ചേർത്തല താലൂക്ക് ആശുപത്രിയുടെ വികസനം

ശ്രീ. പി. തിലോത്തമൻ: ചേർത്തല താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി

സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ചേർത്തല താലൂക്ക് ആശുപത്രിക്ക് എൻ.എ. ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചതിന്റെ ഭാഗമായി അധികമായി വേണ്ടിവന്ന ജീവനക്കാരെ ആർ.എസ്.ബി.വൈ ഫണ്ടുപയോഗിച്ച് താത്കാലികമായി നിയമിച്ചുവെങ്കിലും ഈ ഇനത്തിൽ മതിയായ ഫണ്ടില്ലാത്തതിനാൽ 2014 മെയ് മാസത്തെ ശമ്പളം നൽകിയിട്ടില്ല. സ്കീമിൽ രോഗികൾക്ക് മരുന്നു വാങ്ങിയ ഇനത്തിൽ 75 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി ആവശ്യമുള്ള മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിലേയ്ക്ക് സൃഷ്ടിക്കപ്പെട്ട 14 തസ്തികകളിൽ സർജറി, ഓർത്തോ, സ്റ്റാഫ് നഴ്സ്, എക്സ്റേ ടെക്നീഷ്യൻ, ഇ.സി.ജി. ടെക്നീഷ്യൻ എന്നീ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

## (16) പേവിഷബാധയ്ക്കുള്ള മരുന്ന് ലഭ്യമാക്കൽ

ശ്രീ. മാത്യു. റ്റി. തോമസ്: തെരുവു നായ്ക്കളുടെ ശല്യം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളിൽ പേവിഷ ബാധയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പട്ടികടിയേറ്റ് ചികിത്സയ്ക്കെത്തുന്നവർക്ക് നൽകുന്ന ആന്റി റാബിസ് വാക്സിൻ എല്ലാ ആശുപത്രികളിലും സ്റ്റോക്കുണ്ട്. കടിച്ചത് പേപ്പട്ടിയാണെന്ന് ബോധ്യമാകുന്ന സാഹചര്യങ്ങളിൽ ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്പ്പ് നടത്തുന്നുണ്ട്. പ്രസ്തുത മരുന്ന് പുതുക്കിയ കേന്ദ്ര വില വിവരപ്പട്ടികയിൽപ്പെടുത്തിയതിനുശേഷം മരുന്ന് കമ്പനികൾ ഉത്പാദനം കുറച്ചതുമൂലം ആവശ്യത്തിന് സ്റ്റോക്കില്ലാത്ത ഒരു അവസ്ഥയുണ്ട്.

## (17) ടോൾ നിരക്ക്

പ്രൊഫ. സി. രവീന്ദ്രനാഥ്: മണ്ണുത്തി-ഇടപ്പള്ളി ദേശീയ പാതയിൽ വർദ്ധിപ്പിച്ച ടോൾ നിരക്ക് വർദ്ധന പിൻവലിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ദേശീയ പാത 47-ലെ മണ്ണുത്തി-ഇടപ്പള്ളി വരെയുള്ള ഭാഗം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നാലുവരി പാതയായി വികസിപ്പിക്കുന്നതിന് ദേശീയ പാത അതോറിറ്റി ഗുരുവായൂർ ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിയെ ഏൽപ്പിച്ചിരുന്നു. സംസ്ഥാന സർക്കാരും ദേശീയ പാതാ അതോറിറ്റിയും കൺസ്ട്രക്ഷൻ കമ്പനിയും ചേർന്ന് ഒപ്പുവച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരം കൺസ്ട്രക്ഷൻ കമ്പനിക്ക് ടോൾ പിരിക്കുന്നതിനും എല്ലാ

വർഷവും സെപ്റ്റംബർ 1-ാം തീയതി ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് അനുസരിച്ച് ടോൾ നിരക്ക് പുനർനിർണ്ണയിക്കുന്നതിന് അവകാശമുണ്ട്. ഇതനുസരിച്ച് 01-10-2013 മുതൽ ടോൾ നിരക്ക് വർദ്ധിപ്പിക്കാൻ കമ്പനി നടപടി സ്വീകരിച്ചെങ്കിലും ടോൾ നിരക്ക് വർദ്ധന നീട്ടിവയ്ക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഇതിനെതിരെ കൺസ്ട്രക്ഷൻ കമ്പനി ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ ജഡ്ജ്മെന്റ് പ്രകാരം കൺസ്ട്രക്ഷൻ കമ്പനിക്ക് ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിന് അവകാശമുണ്ടെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല.

## (18) മേൽപ്പാലം നിർമ്മാണം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിലെ ആണ്ടിമഠത്തിനും കല്ലേക്കുളങ്ങരയ്ക്കുമിടയിലെ നടക്കാവ് റെയിൽവേ ക്രോസ്സിംഗിന്റെ സ്ഥാനത്ത് മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പാലക്കാട് ജില്ലയിൽ ഒലവക്കോട് മലമ്പുഴ റോഡിൽ സ്ഥിതിചെയ്യുന്ന നടക്കാവ് റെയിൽവേ ക്രോസിംഗിൽ റെയിൽവേയുടെ വർക്ക് പ്രോഗ്രാമിലുൾപ്പെടുത്തി മേൽപ്പാലം

നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (19) റോഡ് പുനരുദ്ധാരണം

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം നിയോജകമണ്ഡലത്തിലെ കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് പുനരുദ്ധാരണ നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ചാവക്കാട് വടക്കാഞ്ചേരി റോഡിലെ ചാട്ടുകുളം മുതൽ കുന്നംകുളം വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിനും ബി.എം.ബി.സി. ചെയ്യുന്നതിനും 155 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ ചെയ്ത് കാനകളുടെ നിർമ്മാണവും കലുങ്കുകളുടെ പുനർനിർമ്മാണവും എക്സ്റ്റൻഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ മെയിൻ പമ്പിംഗ് പൈപ്പ് ഇടയ്ക്കിടെ പൊട്ടുന്നതിനാൽ അവ മാറ്റിസ്ഥാപിക്കാതെ റോഡ് പുനരുദ്ധാരണ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. പൈപ്പുകളും കെ.എസ്.ഇ.ബി. യുടെ പോസ്റ്റുകളും മാറ്റുന്നതിനും കാലതാമസം നേരിട്ടതിനാൽ മഴയ്ക്ക് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. മഴ മാറിയാലുടൻ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

## (20) കൊട്ടുവള്ളി റസ്റ്റ് ഹൗസിന്റെ നിർമ്മാണം

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: കൊടുവള്ളി നിയോജകമണ്ഡലത്തിലെ കൊടുവള്ളിയിൽ അനുവദിച്ച റെസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): കൊടുവള്ളിയിൽ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി 28-2-2011-ൽ 92 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ താത്പര്യമുള്ള കരാറുകാരിൽനിന്ന് ക്വട്ടേഷൻ വാങ്ങി നടപടികൾ പൂർത്തീകരിച്ച് ഒരുമാസത്തിനകം പ്രവൃത്തി ആരംഭിക്കുന്നതാണ്.

## (21) <u>പൈപ്പ് ലൈൻ സ്ഥാപിക്കൽ</u>

<u>ശ്രീ. ബി. സത്യൻ</u>: ആറ്റിങ്ങൽ, വർക്കല നിയോജക മണ്ഡലങ്ങളിലെ മൂന്ന് പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ആരംഭിക്കുന്ന പഴയകുന്നുമ്മൽ-കിളിമാനൂർ കുടിവെള്ള പദ്ധതിക്കായി എം.സി. റോഡിലെ കാരേറ്റു മുതൽ തട്ടത്തുമല വരെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): പഴയകുന്നുമ്മൽ-കിളിമാനൂർ കുടിവെള്ള പദ്ധതിക്കായി എം.സി. റോഡിലെ കാരേറ്റു

മുതൽ തട്ടത്തുമല വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ച് കെ.എസ്.റ്റി.പി.യുടെയും വാട്ടർ അതോറിറ്റിയുടെയും ഉദ്യോഗസ്ഥർ സംയുക്തപരിശോധന നടത്തി അലൈൻമെന്റ് നിശ്ചയിക്കുകയും റോഡ് പുനർനിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കെ.എസ്.റ്റി.പി. ആവശ്യപ്പെട്ടപ്രകാരം വാട്ടർ അതോറിറ്റി തുക നൽകിയിട്ടുണ്ട്. കാലവർഷം കഴിഞ്ഞാലുടൻ റോഡ് കുഴിക്കുന്നതിനുള്ള അനുമതി വാട്ടർ അതോറിറ്റിക്ക് നൽകുന്നതാണ്.

## (22) ബൈപ്പാസിന്റെ ആവശ്യകത

ശ്രീ. വി. ചെന്താമരാക്ഷൻ : നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്, നെന്മാറ, കൊടുവായൂർ, പുതുനഗരം എന്നീ പട്ടണങ്ങളിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ബൈപ്പാസുകൾ നിർമ്മിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : നെന്മാറ നിയോജകമണ്ഡലത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനായി 13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നെന്മാറ, പുതുനഗരം ബൈപ്പാസുകളുടെ

നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിവരികയും ചെയ്യുന്നു. കൊട്ടവായൂർ ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അനുമതിയും വിശദമായ എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## (23) പ്രധാനാദ്ധ്യാപികയുടെ സ്ഥലംമാറ്റം

ശ്രീ. വി. ശിവൻകുട്ടി : കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റിയ നടപടി പിൻവലിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് ഏറ്റവും നല്ല ഇംഗ്ലീഷ് ക്ലബ്ബിനുള്ള അവാർഡ് കൈമാറുന്ന വിവരം അറിയിച്ചപ്പോൾ ഇത്തരം ചടങ്ങുകൾ സ്കൂളിൽ വച്ച് നടത്തുന്നതിൽ പ്രധാനാദ്ധ്യാപിക താല്പര്യക്കുറവ് പ്രകടിപ്പിക്കുകയും പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിലും വി.ഐ.പി.-കളെ സ്വീകരിക്കുന്നതിലും വീഴ്ച്വരുത്തുകയും ചെയ്തു. പരിപാടി നടത്താൻ നിശ്ചയിച്ചിരുന്ന സമയത്ത് പ്രധാനാധ്യാപക സ്കൂൾ ഓഫീസിൽ മദർ പി.ടി.എ. അംഗങ്ങളുമായി ചർച്ച നടത്തുകയായിരുന്നു. സ്കൂൾ ഗേറ്റ് അടഞ്ഞുകിടന്നിരുന്നതിനാൽ ഉദ്ഘാടകനായ എനിക്ക് പുറത്ത് കാത്തുനിൽക്കേണ്ടതായി വന്നു. പരിപാടിക്ക് അല്പം

വൈകിയെത്തിയതിന് ക്ഷമചോദിച്ചുകൊണ്ടാണ് ഞാൻ പ്രസംഗിച്ചതെങ്കിലും പ്രധാനാദ്ധ്യാപിക അവരുടെ ആശംസാ പ്രസംഗത്തിൽ പ്രസ്തുത വിഷയം പർവ്വതീകരിച്ച് മന്ത്രിയെ ഇകഴ്ത്താൻ ശ്രമിച്ചു. ഇതിനുപുറമേ സ്കൂളിൽ അച്ചടക്കം നിലനിറുത്തുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിൽ സ്ഥാപനത്തിന്റെ സൽപ്പേര് നിലനിറുത്തിക്കൊണ്ടുപോകുന്നതിൽ പ്രധാനാദ്ധ്യാപികയുടെ നേതൃത്വം പര്യാപ്തമല്ലെന്നും കണ്ടെത്തിയിട്ടുണ്ട്. വി.ഐ.പി.-കൾ ഉൾപ്പെടെയുള്ളവരെ അവഹേളിക്കുന്ന തരത്തിൽ പ്രധാനാദ്ധ്യാപിക പെരുമാറിയതിനാൽ അവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണെന്നും സർവ്വീസിൽ നിന്നും മാറ്റിനിറുത്തേണ്ടതാണെന്നും അന്വേഷണ ഉദ്യോഗസ്ഥ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അയിലം ഗവൺമെന്റ് ഹയർ സെക്കൻഡറി ഹൈസ്കൂളിലേയ്ക്ക് അവരെ സ്ഥലംമാറ്റി നിയമിക്കുകയാണുണ്ടായത്.

(പ്രധാനാദ്ധ്യാപികയ്ക്കെതിരെയുള്ള നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹളം വച്ച് സഭാനടപടികൾ

തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ തുടർ നടപടികളിലേയ്ക്ക് കടന്നു.)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XI -ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): താഴെ പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം (9475,84,28,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 12.39-ന് പിരിഞ്ഞു.

**************